"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി കെ.എസ്. വത്സമ്മ ഫയൽ ചെയ്ത 783/2019 നമ്പർ ഒ.എ. യിമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 11.12.2019 - ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.43/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2021

---

പരാമർശം:- 1 783/2019 നമ്പർ ഒ.എ. യിമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 11.12.2019 - ൽ പുറപ്പെടുവിച്ച വിധിന്യായം.

2 ശ്രീമതി കെ.എസ്.വത്സമ്മ സർക്കാരിൽ സമർപ്പിച്ച 16.01.2020 - ലെ അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 22.12.2020 - ലെ PAN/4378/2019-E2 (DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി [നിലവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക] തസ്തികയിലേക്ക് 20.10.2005 തീയതി പ്രാബല്യത്തിൽ താത്കാലിക സ്ഥാനക്കയറ്റം നോഷണലായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. കെ.എസ്.വത്സമ്മ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ 783/2019 ാം നമ്പർ ഒ.എ. ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഒ.എ. യിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

2. ബഹു.സുപ്രീം കോടതിയുടെ 29.03.2017-ലെ സിവിൽ അപ്പീൽ നമ്പർ 5203 /2016, 5204-5205./2016, 6056./16, 6057./16, 8460./16. എന്നിവയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ മുഴുവൻ തസ്തികകളിലെയും സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നുവെന്നും ആയത് പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരുടെ സീനിയോറിറ്റി ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017 - ലെ E8-12264./2017(5) നമ്പർ നടപടി ക്രമം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ടി നടപടിക്രമം പ്രകാരം ശ്രീമതി കെ.എസ്. വത്സമ്മ സേവനത്തിൽ നിന്നും വിരമിച്ച 30.04.2006 തീയതിക്കുള്ളിൽ ടിയാരിയേക്കാൾ ജൂനിയറായ ആർക്കും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ ഉണ്ടായ റഗുലർ ഒഴിവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ച് നല്കിയിട്ടുള്ളതായി കാണുന്നില്ലെന്നും എന്നാൽ ശ്രീമതി കെ.എസ്. വത്സമ്മയുടെ ജൂനിയറായ ജീവനക്കാർക്ക് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ 20.10.2005-ൽ പ്രൊവിഷണൽ സ്ഥാനക്കയറ്റം ലഭ്യമാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.30.4.2006 ൽ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി കെ.എസ്. വത്സമ്മയുടെ ജൂനിയറായ ശ്രീ.പി.ആർ.ചന്ദ്രന് 20.10.2005 ൽ സ്പെഷ്യൽ ഗ്രേഡ്

സെക്രട്ടറിയായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയെങ്കിലും 16.12.2006 തീയതി പ്രാബല്യത്തിൽ മാത്രമാണ് ടിയാന് റെഗുലർ നിയമനം നൽകുന്നത്. ശ്രീമതി. വൽസമ്മ സർവ്വീസിൽ നിന്ന് വിരമിച്ച തീയതിക്ക് മുമ്പായി ടിയാളുടെ ജൂനിയറായ ആർക്കും റെഗുലർ പ്രൊമോഷൻ നൽകിയിട്ടില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. താൽക്കാലിക സ്ഥാനക്കയറ്റം നോഷണലായി നൽകാൻ വ്യവസ്ഥയില്ല എന്നത് പരിഗണിച്ചും കൂടാതെ ശ്രീമതി. വൽസമ്മ സേവനത്തിൽ നിന്നും വിരമിച്ച 30.04.2006 തീയതിക്കുള്ളിൽ ടിയാരിയേക്കാൾ ജൂനിയറായ ആർക്കും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ ഉണ്ടായ റഗുലർ ഒഴിവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ച് നല്കിയിട്ടില്ലായെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും ശ്രീമതി കെ.എസ്. വത്സമ്മയുടെ പരാമർശം (2) - ലെ അപേക്ഷ നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയില്ല.

4. 783/2019 നമ്പർ ഒ.എ. യിമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11.12.2019 - തീയതിയിലെ ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീമതി കെ.എസ്. വത്സമ്മ, രാജീവം, പത്തനാട്, കുഴങ്ങ പി.ഒ., കോട്ടയം 686541
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (06.11.2020 - ലെ ADV-B2/8/2020-P&ARD നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.01.11 12:01:00 IST
Reason: Approved

സെക്ഷൻ ഓഫീസർ